**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 657** **24-08-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ പ്രഖ്യാപിച്ച ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിൽ പ്രഖ്യാപിച്ച ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.<br>(1) സൗത്ത് ഔട്ടർ റിംഗ് റോഡ്<br>(2) ചാവക്കാട് ബസ് സ്റ്റാന്റിന് സമീപം<br>(3) തമ്പുരാൻ പടി<br>(4) അണ്ടകത്തോട്<br>(5) പെട്രോൾ പമ്പിന് സമീപം<br>(6) ചാവക്കാട് ബീച്ച് |
| (ബി) | പ്രസ്തുത പദ്ധതി വൈകാൻ ഇടയായ സാഹചര്യവും എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തൊട്ടാകെ എല്ലാ നിയോജക മണ്ഡലങ്ങളിലുമായി കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് സ്ഥാപിക്കുന്ന 1165 ചാർജിംഗ് ശൃംഖല പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഗുരുവായൂർ മണ്ഡലത്തിൽ 6 ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നത്. പദ്ധതി ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഇതിനകം 412 സ്റ്റേഷനുകൾ പ്രവർത്തനക്ഷമമായി കഴിഞ്ഞു. 31.07.2022-ൽ പോൾ മൗണ്ടഡ് ചാർജ്ജറുകളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാക്കുവാനായിട്ടാണ് കരാർ നൽകിയത്. ചാർജ്ജറുകൾ സ്ഥാപിക്കുവാനുള്ള ലിസ്റ്റുകൾ ലഭിക്കാനുണ്ടായ കാലതാമസം, കാലവർഷം കോവിഡ് ഇവ മൂലം സ്വാഭാവിക കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയ കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | നിലവിൽ കരാറുകാർക്കെതിരെ നടപടി ഒന്നും സ്വീകരിക്കേണ്ടതായ ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ